പ്രസിദ്ധീകരണത്തിന് : 14.01.2013

**ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സും**
**അദ്ധ്യാപക സർവീസ് സംഘടനാ സമരസമിതിയും**
**സംയുക്തമായി പുറപ്പെടുവിച്ച പ്രസ്താവന**

# പണിമുടക്ക് നിർത്തിവയ്ക്കുന്നു; പെൻഷനുവേിയുള്ള പ്രക്ഷോഭം തുടരും

സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും ജനുവരി 8 മുതൽ ആരംഭിച്ച പണിമുടക്ക് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയ്ക്കുശേഷം നിർത്തിവെച്ചു.

സമരസമിതി നേതാക്കളുമായി ജനുവരി 13 ന് രാത്രി ആദ്യം ധനമന്ത്രിയും തുടർന്ന് മുഖ്യമന്ത്രിയും ചർച്ച നടത്തി. ജനുവരി ഒന്നിന് നടന്ന ചർച്ചയിൽ നിന്നും വിഭിന്നമായി ഒട്ടേറെ പുതിയ കാര്യങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു. പങ്കാളിത്ത പെൻഷൻപദ്ധതി പിൻവലിക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചില്ല. എന്നാൽ മിനിമം പെൻഷൻ ഉറപ്പുനൽകി. ചർച്ചയിൽ ധാരണയായ സുപ്രധാനമായ കാര്യങ്ങൾ ഇപ്രകാരമാണ്.

- പദ്ധതി നടപ്പാക്കുമ്പോൾ ഉാകുന്ന വൈഷമ്യങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഉാകും. കുറഞ്ഞ വേതനവും കുറഞ്ഞ സേവനകാലവുമുള്ള ജീവനക്കാർക്ക് പുതിയ പദ്ധതിയിലുാകുന്ന പ്രശ്നങ്ങൾ പരിശോധിക്കും.
- പി.എഫ്.ആർ.ഡി.എ. ബില്ലിൽ വരുത്തിയ ഭേദഗതി കൂടി ഉൾക്കൊള്ളിച്ച് മിനിമം പെൻഷൻ ഉറപ്പാക്കാനുള്ള വ്യവസ്ഥകൾ ഉാകും.
- പെൻഷൻഫ് നിക്ഷേപിക്കാൻ സംസ്ഥാന ട്രഷറിയെ കൂടി ഉൾപ്പെടുത്തണമെന്ന് പി.എഫ്.ആർ.ഡി.എ.യ്ക്ക് എഴുതും. 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേർന്നവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരുമെന്ന് പുതിയ ഉത്തരവിൽ വീും വ്യക്തമാക്കും.
- സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേരിൽ സ്വീകരിച്ച ശിക്ഷണനടപടികൾ പിൻവലിക്കും.
- എംപവേഡ് കമ്മിറ്റിയുടെ ശുപാർശകൾ സംഘടനകളുമായി ചർച്ച ചെയ്യും.

ചർച്ചയില്ലെന്ന് പലവട്ടം ആവർത്തിച്ച മുഖ്യമന്ത്രി സംഘടനകളെ ചർച്ചയ്ക്ക് വിളിക്കുകയും സുപ്രധാന കാര്യങ്ങളിൽ ഒത്തുതീർപ്പുാക്കുകയും ചെയ്തത് സമരത്തിന്റെ വിജയമാണ്. എന്നാൽ പങ്കാളിത്ത പെൻഷൻപദ്ധതി നടപ്പാക്കുന്നതിൽ നിന്നും സർക്കാർ പിന്മാറിയിട്ടില്ല. ഒരു വിഭാഗം സംഘടനകൾ ഈ സമരത്തിൽ നിന്നും മാറിനിന്ന് സർക്കാരിന് അനുകൂലമായി നിലപാടെടുത്തത് പങ്കാളിത്ത പെൻഷനുമായി മുന്നോട്ട് പോകാൻ സർക്കാരിന് സൗകര്യമായി. 2002 ൽ ഇതേ നയം നടപ്പാക്കുന്നതിൽ നിന്നും അന്നത്തെ യു.ഡി.എഫ് സർക്കാരിനെ പിന്തിരിപ്പിക്കാൻ കഴിഞ്ഞത് ജീവനക്കാരുടെ യോജിച്ച പോരാട്ടത്തിലൂടെയാണ്. പെൻഷൻ ആനുകൂല്യങ്ങൾ കവർന്നെടുക്കപ്പെടുകയും സേവന - വിദ്യാഭ്യാസ മേഖലകൾ തകർക്കപ്പെടുകയും ചെയ്യുന്ന നവലിബറൽ നയമാണ് യു.ഡി.എഫ് സർക്കാർ നടപ്പാക്കുന്നത്. ഐക്യം വിപുലപ്പെടുത്തി ഈ നയങ്ങൾക്കെതിരായ പോരാട്ടം വർദ്ധിത വീര്യത്തോടെ മുന്നോട്ട് കൊുപോകും.

ജീവനക്കാരുടെ സമരത്തിൽ കെ.എസ്.ആർ.ടി.സി, ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, ഖാദി ബോർഡ് തുടങ്ങിയ മേഖലകളിലെ ജീവനക്കാർ നടത്തിയ ഐക്യദാർഢ്യ പണിമുടക്ക് പെൻഷൻ സംരക്ഷണ പോരാട്ടത്തിന് കരുത്ത് പകർന്നു. തൊഴിലാളികൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളും സമരത്തെ അകമഴിഞ്ഞ് പിന്തുണച്ചു. കരിനിയമങ്ങളിലൂടെയും ശിക്ഷണ നടപടികളിലൂടെയും പണിമുടക്ക് അടിച്ചമർത്താനുള്ള സർക്കാർ നടപടികൾ ജീവനക്കാരുടെ നിശ്ചയ ദാർഢ്യത്തിന്റെ മുമ്പിൽ വിലപ്പോവില്ല. സമരത്തിൽ പങ്കെടുത്ത ജീവനക്കാരെയും അദ്ധ്യാപകരെയും സമരത്തിന് പിന്തുണയും സഹായവും നൽകിയ പ്രസ്ഥാനങ്ങളെയും അഭിവാദ്യം ചെയ്യുന്നു.

**സി.ആർ. ജോസ്പ്രകാശ്**
ജനറൽ കൺവീനർ, അദ്ധ്യാപക സർവീസ് സംഘടനാ സമരസമിതി

**എ. ശ്രീകുമാർ**
ജനറൽ കൺവീനർ, ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സ്